III. അറിയിപ്പ്

ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും യോഗം വിളിക്കുന്നതു സംബന്ധിച്ച്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ആദ്യം ഉന്നയിച്ച കാളിംഗ് അറ്റൻഷനിൽ യോഗം വിളിക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. മുഖ്യമന്ത്രിയും ഞാനുമായിട്ട് സംസാരിച്ചു, ആ കാര്യത്തെക്കുറിച്ച് അദ്ദേഹം എനിക്ക് നിർദ്ദേശങ്ങൾ തന്നു. അതിന്റെയടിസ്ഥാനത്തിൽ ജൂലൈ മാസത്തിൽ തിരുവനന്തപുരത്തുവച്ച് ആ പ്രദേശത്തെ ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും ഒരു യോഗം എന്റെ സാന്നിദ്ധ്യത്തിൽ കൂടുന്നതാണ്. അതിനുശേഷം സെപ്റ്റംബർ ആദ്യവാരം ഇതേ വിഷയം തന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആലപ്പുഴ വച്ച് മറ്റൊരു യോഗവും ചേരുന്നതാണെന്ന വിവരം സഭയെ അറിയിക്കുന്നു.

IV. സബ്മിഷൻ

(1) പീരുമേട് താലൂക്കാശുപത്രി തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ. എം. അഗസ്തി: എന്റെ നിയോജകമണ്ഡലത്തിലെ പീരുമേട് താലൂക്കാശുപത്രി ഈ മാസം 12-ാം തീയതി മുതൽ അടഞ്ഞുകിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഡിപ്പാർട്ടുമെന്റിൽ നിന്നും വന്നിരിക്കുന്ന റിപ്പോർട്ടുകൾ മാത്രം വായിച്ച് മറുപടി പറയരുതെന്നാണ്. വസ്തുത ഗവണ്മെന്റ് ഫയലിൽ നിന്ന് വളരെ വ്യത്യസ്തമാണ്. ഈ മാസം 12-ാം തീയതി രാവിലെ 9 മണിയോടുകൂടി ഓട്ടോറിക്ഷ മറിഞ്ഞ് പരിക്കേറ്റ 8 കുട്ടികളുമായി പീരുമേട് താലൂക്ക് ആശുപത്രിയിലെത്തി. ആ സമയത്ത് ഒരു ഡ്യൂട്ടി ഡോക്ടർ മാത്രമാണ് അവിടെയുണ്ടായിരുന്നത്. പക്ഷെ, ആ ഡോക്ടർ കുട്ടികളെ നോക്കാൻ തയ്യാറായില്ല. ഡോക്ടർ സ്ഥലത്തില്ലായെന്ന് മറുപടി പറയാനാണ് ആശുപത്രി സ്റ്റാഫിനോട് ഡോക്ടർ നിർദ്ദേശിച്ചത്. സ്വാഭാവികമായും ആളുകൾ പ്രകോപിതരായി പരാതി പറഞ്ഞു. ഡോക്ടർ സ്ഥലം വിട്ടുപോയി. 4 മണിയോടുകൂടി ഡി.എം.ഒ. എത്തിച്ചേരുകയും 13-ാം തീയതി തന്നെ പുതിയ ഡോക്ടറെ ചുമതലയേൽപ്പിക്കുമെന്ന് പറയുകയും ചെയ്തു. പക്ഷെ, 13-ാം തീയതി മുതൽ ആ ആശുപത്രിയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോക്ടർമാരും സ്ഥലംവിട്ടുപോയി. 13-ാം തീയതി മുതൽ ഡോക്ടർ ഹാജരാകുന്നില്ല. ഡി.എം.ഒ. പറയുന്നത് അദ്ദേഹത്തിന് ലീവ് അനുവദിച്ചിട്ടില്ല എന്നാണ്. 14-ാം തീയതി ഈ ആശുപത്രിയിൽ കിടത്തി ചികിൽസിച്ചുവന്ന അയ്യമ്മാൾ എന്നു പറയുന്ന തോട്ടം തൊഴിലാളിയായ രോഗിക്ക് രോഗം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മൂർച്ഛിച്ചതിനെത്തുടർന്ന് സ്വകാര്യ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്ന വഴിയിൽ മരിക്കാനിടയായി. 12-ാം തീയതിക്കുശേഷം ഇന്നുവരെ പീരുമേട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരാരും എത്തിച്ചേർന്നിട്ടില്ല. ഞാൻ ഡി.എം.ഒ., ഡി.എച്ച്.എസ്. എന്നിവരുമായി സംസാരിക്കുകയുണ്ടായി. എനിക്ക് കിട്ടിയ മറുപടി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നാണ്. നിയമന ഉത്തരവ് ഒരുപക്ഷെ പുറപ്പെടുവിച്ചിട്ടുണ്ടാകും, എങ്കിലും ഡോക്ടർമാർ ഇല്ല എന്ന യാഥാർത്ഥ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതുകൊണ്ടാണ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള മറുപടി മാത്രം അങ്ങ് ഈ സഭയിൽ വായിക്കരുത് എന്നു പറയാനിടയായത്. എന്റെ നിയോജകമണ്ഡലത്തെപ്പറ്റിയാണ് ഇന്നു രാവിലെ ചർച്ച നടന്നത്. പാവപ്പെട്ട തോട്ടം തൊഴിലാളികൾ ചികിൽസ കിട്ടാതെ മരിച്ചുകൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഈ സഭയിൽ സമ്മതിച്ച സാഹചര്യത്തിലാണ് ഏക ആശുപത്രി അടച്ച് ഡോക്ടർമാർ പോകുന്നത്. ഇത് പീരുമേട്ടിലെ മാത്രം സ്ഥിതിയല്ല. ഇടുക്കി ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരില്ല. നമ്മൾ മെഡിക്കൽ കോളേജ് തുടങ്ങുന്നു, നിരവധി ഡോക്ടർമാരുണ്ടാകുന്നു, ഡോക്ടർമാരുടെ എണ്ണം കൂടുന്നു എന്ന് സഭയിൽ കണക്കുകൾ വരുന്നു. നമ്മുടെ ഡോക്ടർമാരൊക്കെ എവിടെ പോവുകയാണ്? അവർക്ക് എന്താണ് ജോലി? ഗ്രാമങ്ങളിലെ പാവപ്പെട്ട രോഗികളെ ചികിൽസിക്കാൻ കഴിയാത്ത ഡോക്ടർമാരെ എന്തിനാണ് ഈ സംസ്ഥാനം ഇങ്ങനെ ഡോക്ടർമാരാക്കി വിടുന്നത് എന്ന കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ഇതൊരു പൊതു പ്രശ്നമാണ്. പീരുമേട് താലൂക്കാശുപത്രി തുറന്നു പ്രവർത്തിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഒരു വാക്കുകൂടി. കഴിഞ്ഞയാഴ്ചയിൽ എനിക്ക് നിയോജക മണ്ഡലത്തിൽ പോകാൻ കഴിഞ്ഞില്ല. പോയാൽ സംശയം വേണ്ട ആളുകൾ എന്നെ പിടിച്ചുനിർത്തും. 12-ാം തീയതി മുതൽ അടഞ്ഞുകിടക്കുന്ന ഈ ആശുപത്രി തുറക്കാൻ കഴിയാത്ത എം.എൽ.എ.-യെ നിയോജകമണ്ഡലത്തിന് വേണ്ട. അതൊരു രാഷ്ട്രീയ പ്രശ്നമല്ല. അതുകൊണ്ട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. ഈയാഴ്ച അങ്ങ്കൂടി എന്റെ കൂടെ വരണം. പിടിക്കുന്നുവെങ്കിൽ രണ്ടുപേരേയും കൂടെ പിടിച്ചുനിർത്തട്ടെ. ഭരണപക്ഷത്തായതുകൊണ്ടാണ് ഞാൻ ഇങ്ങനെ വിനീതനായി പറയുന്നത്. പ്രതിപക്ഷത്തായിരുന്നുവെങ്കിൽ ഈ സഭാകവാടത്തിൽ സത്യാഗ്രഹമിരിക്കുമായിരുന്നു. അതുകൊണ്ട് ഞാൻ പറയുന്നത് ആശുപത്രി തുറക്കാൻ കഴിയുന്നില്ലായെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി കൂടെ ഈ ശനിയാഴ്ച പീരുമേട്ടിൽ വരണം. അതിന് അദ്ദേഹം സന്മനസ്സ് കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഡോക്ടർമാരുടെ അഭാവം നല്ലപ്പോഴല്ല. അതിന്റെ കണക്കുകളൊക്കെ ഞാൻ വിശദമായി പറഞ്ഞിട്ടുള്ളതാണ്. ഡോക്ടർമാരുടെ അഭാവമുള്ളതുകൊണ്ടുതന്നെ .....ഇതുപോലുള്ള സ്ഥലത്തേയ്ക്ക് അവർ പോകാൻ വൈമുഖ്യം പ്രകടിപ്പിക്കുന്നുവെന്നുള്ളതും ഒരു സത്യമാണ്. അവരുടെ പേരിൽ നടപടിയെടുക്കുമ്പോൾ ഉള്ള ഡോക്ടർമാർകൂടി

പുറത്താകുമല്ലോ എന്നുള്ളതും ഗവണ്മെന്റിന് ഉത്കണ്ഠയുണ്ടാകുന്ന വിഷയമാണ്. ഇവിടെ അദ്ദേഹം തന്നെ ഉത്തരവും പറഞ്ഞു. ഡോക്ടർമാർ മാറി. വേറെ ഡോക്ടർമാരെ വച്ചു. പീരുമേട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ 3 തസ്തികകളാണുള്ളത്. ഒരു സിവിൽ സർജൻ തസ്തികയിലാണ് സ്ഥിരം ഡോക്ടർ ഉള്ളത്. മറ്റ് 2 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുള്ളതിൽ അവധി കഴിഞ്ഞ് വന്ന രണ്ട് ഡോക്ടർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. അവർ ചാർജ്ജെടുത്തിട്ടില്ല. ഈ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായ രണ്ടുപേർ ജോലി ചെയ്തിരുന്നതാണ്. ജൂലൈ 12-ാം തീയതി രാവിലെ ഒരു വാഹനാപകടത്തിൽ പരിക്കേറ്റ കുട്ടികളെയുംകൊണ്ട് ബന്ധപ്പെട്ടവർ ആശുപത്രിയിലെത്തുമ്പോൾ അവിടെ ഡോക്ടർമാരാരും ഉണ്ടാകാതിരുന്നതിനെ തുടർന്ന് സംഘർഷമുണ്ടാവുകയും തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുരഞ്ജന ചർച്ചയെ തുടർന്ന് പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തു. എന്നാൽ അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന സ്ഥിരം ഡോക്ടർ ഇപ്പോൾ അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. തുടർന്ന് ആശുപത്രിയിൽ സ്ഥിരം ഡോക്ടറുടെ അഭാവമുണ്ടായിരുന്നു. എന്നാൽ താൽക്കാലികാടിസ്ഥാനത്തിൽ അവിടെ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്. മൂന്ന് ഡോക്ടർമാരും റിക്കാർഡനുസരിച്ച് അവിടെയുണ്ട്. ഇതിനു പുറമെ നൈറ്റ് ഡ്യൂട്ടിക്ക് പല ക്രമീകരണങ്ങളും ജില്ലാ മെഡിക്കൽ ഓഫീസർ ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ പീരുമേട് താലൂക്ക് ആശുപത്രിയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നാണ് ഡിപ്പാർട്ടുമെന്റ് അവകാശപ്പെടുന്നത്. പക്ഷെ, ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത് ഇതൊക്കെ കടലാസിലാണെന്നാണ്. അതുകൊണ്ട് ഞാൻ അന്വേഷിക്കാം. ഇവർ രണ്ടുപേരും ചാർജ്ജെടുത്തില്ലായെങ്കിൽ വേറെ ഡോക്ടർമാരെ വയ്ക്കുകയോ ട്രാൻസ്ഫർ മുഖേനയോ അല്ലെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിലോ ഡോക്ടർമാരെ നിയമിക്കുകയോ ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് ഉടൻ ശ്രമം നടത്തുന്നതാണ്.

(2) വടകരയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ശ്രീ. സി. കെ. നാണു: സർ, ദിവസേന ഏതാണ്ട് 600-നും 800-നും ഇടയ്ക്ക് രോഗികൾ ചികിൽസയ്ക്കു വന്നുകൊണ്ടിരിക്കുന്നതാണ് വടകരയിലെ ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. പക്ഷെ, വളരെ കാലമായി രോഗികളെ കിടത്തി ചികിൽസിക്കാൻ പോലും സാധിക്കുന്നില്ല. കാരണം അവിടെ ഒരു ഗൈനക്കോളജിസ്റ്റ് ഇല്ല. പ്രധാനപ്പെട്ട പല സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അവിടെയില്ല. എം.പി. ഫണ്ടിൽ നിന്നും മറ്റ് കേരള വികസന ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ വീതം ചെലവഴിച്ചുകൊണ്ടുള്ള നല്ല കെട്ടിടങ്ങൾ വന്നു. എം.എൽ.എ. ഫണ്ടുപയോഗിച്ച്, ഏതാണ്ട് 6 ലക്ഷത്തോളം രൂപ ചെലവഴിച്ച് ഒരു എക്സ്-റേ യൂണിറ്റിന്റെ പണി മുഴുവൻ തീർത്ത് പ്രവൃത്തി ആരംഭിക്കാൻ തയ്യാറായിരിക്കുകയാണ്. പക്ഷെ, പ്രശ്നം റേഡിയോളജി ടെക്നീഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly